9559
11/8/15

## കേരള സർക്കാർ

### സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-ഓട്ടിസം ബാധിച്ച കുട്ടികൾക്കായുള്ള പരിശീലന പദ്ധതിയ്ക്ക്(INSIGHT) ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(ആർ.റ്റി)നം.468/2015/സാ.നീ.വ തിരുവനന്തപുരം, തീയതി 29.7.2015

പരാമർശം- 1. 18.4.2015 ലെ സാമൂഹ്യനീതി ഡയറക്ടറുടെ H3/12120/15 നമ്പർ കത്ത്
2. 16.5.2015 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്

### ഉത്തരവ്

സാമൂഹ്യനീതി ഡയറക്ടറുടെ പരാമർശം 1 ലെ കത്തു പ്രകാരം ഓട്ടിസം ബാധിച്ച കുട്ടികൾക്ക് സൊസൈറ്റി ഫോർ പ്രൊമോട്ടിംഗ് ഓൾട്ടർനേറ്റീവ് കമ്പ്യൂട്ടിംഗ് ആന്റ് എംപ്ലോയ്മെന്റ്(SPACE) ന്റെ കീഴിൽ INSIGHT പ്രോജക്ട് വഴി പ്രത്യേക പരിശീലനം നൽകി വരുന്ന സെന്ററിന്റെ നിലവിലെ നടത്തിപ്പിലേയ്ക്കായി 19,64,400/- രൂപയും തുടർന്നുള്ള നടത്തിപ്പിനായി 7,98,000/- രൂപയും ചേർത്ത് ആകെ 27,62,400/- രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

പരാമർശം 2 പ്രകാരം വർക്കിംഗ് ഗ്രൂപ്പ് യോഗം തുടർപദ്ധതിയ്ക്കായി പ്രൊപ്പോസൽ SID യുടെ എംപവേർഡ് കമ്മിറ്റിയിൽ സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ, ഓട്ടിസം സെന്ററിന്റെ നിലവിലെ നടത്തിപ്പിനായി 19,64,400/- രൂപയ്ക്ക് അംഗീകാരം നൽകി.

ഈ സാഹചര്യത്തിൽ ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പരിശീലനം നൽകുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയും മേല്പറഞ്ഞ സെന്ററിന്റെ നടത്തിപ്പിനായി സൊസൈറ്റി ഫോർ പ്രൊമോട്ടിംഗ് ഓൾട്ടർനേറ്റീവ് കമ്പ്യൂട്ടിംഗ് ആന്റ് എംപ്ലോയ്മെന്റ്(SPACE)ന് നടപ്പ് സാമ്പത്തിക വർഷത്തിലെ ബജറ്റിലെ 2235-60-200-83(P) ശീർഷകത്തിൽ നിന്നും 19,64,400/- രൂപ(പത്തൊൻപത് ലക്ഷത്തി അറുപത്തി നാലായിരത്തി നാനൂറ് രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
സൊസൈറ്റി ഫോർ പ്രൊമോട്ടിംഗ് ഓൾട്ടർനേറ്റീവ് കമ്പ്യൂട്ടിംഗ് ആന്റ് എംപ്ലോയ്മെന്റ്(SPACE), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എ & ഇ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സാമൂഹ്യനീതി(എ) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ